## എൽ ബി എസ് സെൻ്റർ ഫോർ സയൻസ് ആൻ്റ് ടെക്നോളജി

## തിരുവനന്തപുരം

നമ്പർ B5/550/2022 തീയതി : 05/06/2026

# ലേലനോട്ടീസ്/ക്വട്ടേഷൻ

എൽ ബി എസ് സെൻ്ററിൻ്റെ ഹെഡ് ഓഫീസിൽ ഉപയോഗശൂന്യമായ പേപ്പറുകൾ, ഇ-വേസ്റ്റുകൾ മറ്റു പാഴ്വസ്തുക്കൾ തുടങ്ങിയവ പരസ്യമായി ലേലത്തിലൂടെ വിൽക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു. പരസ്യ ലേലത്തിനു പുറമേ മുദ്രവച്ച ക്വട്ടേഷനുകളും ക്ഷണിക്കുന്നു.

മുദ്രവച്ച ക്വട്ടേഷനുകൾ നിരതദ്രവ്യമുൾപ്പെടെ ഡയറക്ടർ, എൽ ബി എസ് സെൻ്റർ ഫോർ സയൻസ് ആൻ്റ് ടെക്നോളജി, തിരുവനന്തപുരം എന്ന വിലാസം എഴുതി 22/06/2026 തീയതി പകൽ 12 മണിക്ക് മുൻപായി എൽ ബി എസ് ഹെഡ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. 22/06/2026 ന് പകൽ 2 മണിക്ക് എൽ ബി എസ് ഹെഡ് ഓഫീസിൽ വച്ച് ലേല നടപടികൾ ആരംഭിക്കുന്നതാണ്.

നിബന്ധനകൾ

1. ക്വട്ടേഷൻ സമർപ്പിക്കുവാൻ താൽപര്യമുള്ള വ്യക്തികളുടെ തിരിച്ചറിയൽ രേഖ ഉൾപ്പെടെ ക്വട്ടേഷൻ ആലേഖനം ചെയ്ത കവർ, ഡയറക്ടർ, എൽ ബി എസ് സെൻ്റർ ഫോർ സയൻസ് ആൻ്റ് ടെക്നോളജി, നന്ദാവനം, പാളയം തിരുവനന്തപുരം-33 എന്ന മേൽ വിലാസം എഴുതി 22/06/2026 പകൽ 12 മണിക്ക് മുൻപായി എൽ ബി എസ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
2. ലേലം ചെയ്യാനുള്ള ഉപയോഗശൂന്യമായ പേപ്പറുകൾ, ഇ-വേസ്റ്റുകൾ മറ്റു പാഴ്വസ്തുക്കൾ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.30 മണി മുതൽ വൈകുന്നരം 4.30 മണിവരെയുള്ള സമയത്ത് നേരിട്ട് പരിശോധിക്കാവുന്നതാണ്.
3. നിരതദ്രവ്യതുകയായി 5000/- രൂപ ഡയറക്ടർ എൽ ബി എസ് സെൻ്ററിൻ്റെ പേരിൽ തിരുവന്തപുരത്തു മാറാവുന്ന ഡിമാൻ്റ് ഡ്രാഫ്റ്റ് ആയി ക്വട്ടേഷനോടൊപ്പം മറ്റൊരു കവറിൽ സമർപ്പിക്കേണ്ടതാണ്.
4. ക്വട്ടേഷനുകൾ, ലേലനടപടി ക്രമങ്ങളുടെ കൂടെ തുറക്കുന്നതാണ്. ക്വട്ടേഷനുകൾ ഓരോ item പ്രത്യകം സമർപ്പിക്കേണ്ടതാണ്, കവറിനുപുറത്ത് item വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
5. മേൽ പറഞ്ഞ പ്രകാരം നിരത ദ്രവ്യം അടക്കം ചെയ്യാത്ത ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
6. പരസ്യ ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ ലേലം ആരംഭിക്കുന്നതിനു മുൻപ് നിരതദ്രവ്യതുക Rs.5000/- വും ഒറിജിനൽ തിരിച്ചറിയൽ രേഖയും നൽകേണ്ടതാണ്.
7. ഏറ്റവും കൂടുതൽ തുക ലേലത്തിലൂടെയോ, ലേലത്തിനു മുൻപ് സമർപ്പിച്ച ക്വട്ടേഷനുകളിലോ ഏതാണ് കൂടുതൽ എന്നത് നോക്കി ലേലം ഡയറക്ടറുടെ അനുമതിയ്ക്കു വിധേയമായി ഉറപ്പിക്കുന്നതാണ് (GST 18%).
8. ലേലം കെള്ളുന്ന വ്യക്തി ലേലം കൊണ്ട തുകയുടെ 50% ഉടൻ തന്നെ സെൻ്ററിൽ അടയ്ക്കേണ്ടതും രസീതു കൈപ്പറ്റേണ്ടതുമാണ്. ലേലം വഴിയോ, ക്വട്ടേഷൻ

വഴിയോ ഏറ്റവും കൂടിയതുക രേഖപ്പെടുത്തിയ വ്യക്തി ലേലം സ്ഥിരപ്പെടുത്തി ഉത്തരവു ലഭിച്ച് 7 ദിവസത്തിനകം ലേലത്തുകയുടെ ബാക്കി അടച്ചശേഷം സാധനങ്ങൾ സ്വന്തം ചെലവിൽ തൽസ്ഥാനത്തു നിന്ന് നീക്കം ചെയ്യേണ്ടതാണ്.

9. ലേലം കൈക്കൊണ്ട വ്യക്തി ഏതെങ്കിലും തരത്തിൽ വീഴ്ച വരുത്തുകയാണെങ്കിൽ സെന്ററിനുണ്ടാകുന്ന നഷ്ടം ലേലം കൈക്കൊണ്ട വ്യക്തിയിൽ നിന്നും വസൂലാക്കുന്നതാണ്. പ്രസ്തുത ലേലം 2-ാം സ്ഥാനക്കാരന് യാതൊരു കാരണവശാലും സ്ഥിരപ്പെടുത്തി നൽകുന്നതല്ല. തുടർ ലേലത്തിലൂടെയോ, പുനർ ലേലത്തിലൂടെയോ മാത്രമായിരിക്കും ലേലം ഉറപ്പിക്കുക.
10. ഫോട്ടോ, മേൽവിലാസം തുടങ്ങിയ വ്യക്തിവിവരങ്ങൾ ഉൾപ്പെടുന്ന പേപ്പറുകൾ, കഷണങ്ങളാക്കിയ ശേഷം മാത്രമേ പുറത്തു കൊണ്ടുപോകാൻ പാടുള്ളു.
11. എൽ ബി എസ് സെന്റർ/ കോളേജ് എന്നിവിടങ്ങളിലെ ജീവനക്കാരോ അവരുടെ ബന്ധുക്കളോ ഈ ലേലത്തിൽ പങ്കുചേരുവാൻ പാടുള്ളതല്ല. ലേലത്തിൽ പങ്കെടുക്കുന്നവർ അവരുടെ ഐഡന്റിറ്റി തെളിയിക്കുന്ന രേഖയും കരുതിയിരിക്കേണ്ടതാണ്.
12. ഏതെങ്കിലും തരത്തിലുള്ള സ്വാധീനം ഉപയോഗിക്കുന്നതും, ലേലത്തിൽ പങ്കെടുക്കുന്നവരെ ഏതെങ്കിലും തരത്തിൽ തടസ്സപ്പെടുത്തുന്നതും ആയവരുടെ നിരതദ്രവ്യം കണ്ടുകെട്ടുന്നതിന് കാരണമാകും.
13. ലേല നടപടി യാതൊരു മുന്നറിയിപ്പും കൂടാതെ നിർത്തിവയ്ക്കുന്നതിന് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ലേലത്തിൽ ഉൾപെടുന്ന സാധനങ്ങൾ താഴെ പറയുന്നവയാണ്.

1. Waste paper
2. Plastic Cover
3. Paper Cover
4. Cloth Cover
5. Carton Box
6. Plastic Chair, Iron,
7. Vehicle spare parts, fan
8. E waste(SMPS, keyboards, Cabinet, Toner cartridge, Mouse, CD/DVD Drivers, Old Laptop Bags, speaker etc
9. Other items

LBS CENTRE FOR SCIENCE & TECHNOLOGY TRIVANDRUM PIN: 695033

ഡയറക്ടർ